# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജനുവരി 27**

---

## മഹാത്മാ ഗാന്ധി സർവകലാശാലയിൽ റിപ്പബ്ലിക് ദിനം ആഘോഷിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിലെ റിപ്പബ്ലിക് ദിനാഘോഷച്ചടങ്ങിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ദേശീയ പതാക ഉയർത്തി പരേഡിന്റെ അഭിവാദ്യം സ്വീകരിച്ചു. ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കുന്നതിന് ഓരോ പൗരനും ഉത്തരവാദിത്വമുണ്ടെന്നും രാഷ്ട്ര ശിൽപ്പികളുടെ ദർശനങ്ങളെ വിസ്മരിക്കാതിരിക്കാൻ ജാഗ്രത പുലർത്തേണ്ടതുണ്ടെന്നും അദ്ദേഹം നിർദേശിച്ചു.

സെക്യൂരിറ്റി ഓഫീസർ കെ.എം. ജോർജ് പരേഡിന് നേതൃത്വം നൽകി. സിൻഡിക്കേറ്റ് അംഗം ഡോ. എ. ജോസ്, രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ, സെനറ്റ് അംഗം എം.എസ്. സുരേഷ്, ജീവനക്കാരുടെയും അധ്യാപകരുടെയും സംഘടനാ പ്രതിനിധികൾ, പഠന വകുപ്പ് മേധാവികൾ, വിദ്യാർഥികളുടെ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

*ഫോട്ടോ ക്യാപ്ഷൻ...*

മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന റിപ്പബ്ലിക് ദിനാഘോഷച്ചടങ്ങിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ദേശീയ പതാക ഉയർത്തുന്നു.

(പി.ആർ.ഒ/39/96/2024)

## പ്രാക്ടിക്കൽ

നവംബറിൽ വിജ്ഞാപനം പുറപ്പെടുവിച്ച മൂന്നാം സെമസ്റ്റർ എം.എ അനിമേഷൻ, ഗ്രാഫിക് ഡിസൈൻ, സിനിമ ആന്റ് ടെലിവിഷൻ, പ്രിന്റ് ആൻര് ഇലക്ട്രോണിക്സ് ജേണലിസം(സി.എസ്.എസ് 2022 അഡ്മിഷൻ റെഗുലർ, 2019, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 29ന് ആരംഭിക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/97/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**